**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** | **12-09-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ പുളിക്കൽ കവലയിലെ ഇൻഡോർ സ്റ്റേഡിയം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | 2023 - 2024 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 105 ആയി 300 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 60 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പുളിക്കൽ കവലയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥല പരിശോധന നടത്തുകയും ലേ-ഔട്ട് തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രസ്തുത പദ്ധതിക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | 2023 - 2024 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ലെ ക്രമ നം. 105 ആയി 300 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 60 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിട്ടുള്ള കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ പുളിക്കൽ കവലയിലെ ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥല പരിശോധന നടത്തുകയും ലേ-ഔട്ട് തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | 2023-24 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കായിക വകുപ്പ് തീരുമാനമെടുത്തെന്ന് അറിയിക്കാമോ; | (സി) | 1. 2023 - 2024 വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.<br><br><u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം</u><br><br>(1) കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്-197 ലക്ഷം<br><br>(2) എം. സി. പുരം ഗ്രൗണ്ട്, ചിറക്കര ഗ്രാമപഞ്ചായത്ത് - 30.66 ലക്ഷം<br><br>(3) മീനാട് നേതാജി സ്മാരക നിലയം ഗ്രൗണ്ട് - 40.36 ലക്ഷം |

| | | | |
|---|---|---|---|
| | | | (4) ഭൂതകുളം ഗ്രാമപഞ്ചാത്ത് മിനി സ്റ്റേഡിയം - 113.80 ലക്ഷം<br><br>(5) തെക്കുംഭാഗം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട്, പറവൂർ - 118.18 ലക്ഷം<br><br>(6)ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം<br><br>(7)അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം<br><br>(8) തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത് കളിസ്ഥലം, ഒറ്റപ്പാലം, പാലക്കാട് - 100 ലക്ഷം<br><br><u>2. 2023 - 2024 വർഷത്തിൽ ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ.</u><br><br>(1) ജി.എച്ച്.എസ്.എസ്. തോലനൂർ ഗ്രൗണ്ട്<br><br>(2) നെടുവംമ്പ്രം ടെക്നിക്കൽ ഹൈ സ്കൂൾ, കല്യാശ്ശേരി, കണ്ണൂർ<br><br>(3) പുത്തൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഒല്ലൂർ, തൃശ്ശൂർ |
| (ഡി) | വിവിധ കായിക പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിന് 2023 ഓഗസ്റ്റ് മാസം നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഉൾപ്പെടാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ